LIBRARY ARCHIVES Kerala Legislative Assembly

## സ്വാശ്രയ കോളേജുകൾ

209 (1293) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ പലതും വിദ്യാർത്ഥികളെ സാംസ്കാരികമായി മികച്ച തലമുറകളായി വളർത്തുന്ന കാര്യത്തിൽ പരാജയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രവർത്തന സുതാര്യത ഉറപ്പുവരുത്താത്ത സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും, പരീക്ഷാഫലം മോശമായ കോളേജുകൾ അടച്ചുപൂട്ടുന്നതിനും സർക്കാരിന് അധികാരമുണ്ടെന്നിരിക്കെ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ ഏതെങ്കിലും സ്വാശ്രയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനോ, അടച്ചുപൂട്ടാനോ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും പരാതികൾ കേൾക്കുവാനും സർവ്വകലാശാലകൾ ജില്ലാ ജഡ്ജി റാങ്കിലുള്ള ഓംബുഡ്സ്മാനെ നിയമിക്കണമെന്നുള്ള എ.ഐ.സി.പി.ഇ. നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ സ്റ്റാർട്ട് അപ്പ്-ന്റെ പ്രവർത്തനം സുതാര്യമല്ലാത്തതിനാൽ തുടർ അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. 2016-17 വർഷം വേണ്ടത്ര നിലവാരമില്ലാത്ത മൂന്ന് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ബന്ധപ്പെട്ട റഗുലേറ്ററി അതോറിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സർവ്വകലാശാലകൾ ഉറപ്പുവരുത്താറുണ്ട്.

(സി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡപ്രകാരം ഓംബുഡ്സ്മാനെ നിയമിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.